**ഗ്രാമന്യായാലയ കൊടുവള്ളി, താമരശ്ശേരി**
**ഹാജർ : ശ്രീമതി. പ്രീതി തമ്പാൻ, ന്യായാധികാരി**
2026 മാർച്ച് മാസം 14 തീയ്യതി
**ST** 123/2025

| | |
|---|---|
| കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, തിരുവമ്പാടി പോലീസ് ക്രൈം.361/2024 (ശ്രീ. രഞ്ജിൻ ബേബി, APP) | പരാതിക്കാരൻ |

| | |
|---|---|
| 1. ബോസ് ജേക്കബ്ബ്, വയസ്സ്:50<br>S/o ചാക്കോ, പുരയിടത്തിൽ വീട്, തിരുവമ്പാടി<br>2. തനു ദേവ്, വയസ്സ്:24<br>S/o ബാബുരാജൻ, കൂടംപൊയിൽവീട്, കാരശ്ശേരി<br>3.അമൽ ടി ജയിംസ്, വയസ്സ്:33<br>S/o തങ്കച്ചൻ, നെടുംങ്കല്ലേൽ വീട്, തിരുവമ്പാടി<br>4. ജിതിൻ മാത്യു, വയസ്സ്:35<br>S/o.മാത്യു, പല്ലാട്ട് വീട്,പുന്നക്കൽ<br>5.കമറുദ്ദീൻ എം.കെ, വയസ്സ്:36<br>S/o കുഞ്ഞുമുഹമ്മദ്, മരോട്ടിക്കൽ വീട്, കക്കാട്<br>6.മൺധിർ ടി.പി, വയസ്സ്:30<br>S/o.മുഹമ്മദ്, ത്രിക്കമ്പറ വീട്, ചെണ്ടമംഗല്ലൂർ.<br>7. ഷിജുമോൻ സിറിയക്, വയസ്സ്:45<br>S/o.സിറിയക്, ചെമ്പനാനിക്കൽ വീട്, പുല്ലൂരാംപാറ<br>8. മുഹമ്മദ് ദിശാൽ, വയസ്സ്:30<br>S/o. ആയിഷ, പുളിയംകോട് വീട്, നെല്ലിക്കാപറമ്പ്<br>7. സൂഫിയാൻ,വയസ്സ്:35<br>S/o.മുഹമ്മദ്,കട്ടയാട്ട് വീട,ചെറുവാടി.<br>8. നിഷാദ് പി, വയസ്സ്:31<br>S/o. മുഹമ്മദ്, പള്ളിത്തോട് വീട്, കുമാരനെല്ലൂർ | പ്രതികൾ |

കുറ്റം : ഭാരതീയ ന്യായ സംഹിത 189(2), 189(3), 191(2), 285,190 വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായത്.

## വിധിന്യായം

മേൽ നമ്പർ കേസിലെ പ്രതികൾക്കെതിരെ ഭാരതീയ ന്യായ സംഹിത 189(2), 191(2), 285, 190 വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യത്തിന് തിരുവമ്പാടി പോലീസ് ക്രൈം.361/2024 പ്രകാരം രജിസ്റ്റർ ചെയ്ത കേസാണിത്.

പ്രതികൾ (A1, A3, A4, A7) ഹാജരുണ്ട്. പ്രതികൾ (A1, A3, A4, A7) പേരിലുള്ള കുറ്റത്തിന്റെ വിവരങ്ങൾ ഭാരതീയ ന്യായ സംഹിത 189(2), 191(2), 285, 190 വകുപ്പു വായിച്ചു കൊടുത്തു ബോധ്യപ്പെടുത്തി. പ്രതികൾ (A1, A3, A4, A7) അപരാധികളാണെന്ന് സമ്മതിച്ചു. പ്രതികൾ (A1, A3, A4, A7) കുറ്റസമ്മതം നടത്തിയത് സ്വമേധയാ ആണെന്ന് ഈ കോടതിക്ക് പരിപൂർണ്ണമായും ബോധ്യമായി. പ്രതികളെ (A1, A3, A4, A7) കുറ്റക്കാരാണെന്ന് കണ്ടെത്തി.

ആകയാൽ പ്രതികളെ ഭാരതീയ ന്യായ സംഹിത 189(2) വകുപ്പു പ്രകാരം ₹ 300/- (മുന്നൂറു) രൂപ) വീതം പിഴ അടയ്ക്കുവാനും, പിഴ അടച്ചില്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഭാരതീയ ന്യായ സംഹിത 191(2) വകുപ്പു പ്രകാരം ₹ 500/- ( അഞ്ഞൂറു) രൂപ വീതം പിഴ അടയ്ക്കുവാനും, പിഴ അടച്ചില്ലെങ്കിൽ 3 ദിവസത്തെ സാധാരണ തടവിനും, ഭാരതീയ ന്യായ സംഹിത 285 വകുപ്പു പ്രകാരം ₹ 1000/- (ആയിരം) രൂപ വീതം പിഴ അടയ്ക്കുവാനും, പിഴ അടച്ചില്ലെങ്കിൽ 5 ദിവസത്തെ സാധാരണ തടവിനും, ശിക്ഷിച്ചിരിക്കുന്നു. പ്രതികൾ (A2, A5, A6, A7, A8, A10 ) ന് എതിരെയുള്ള കേസ് ST 182/2025 ആയി വീണ്ടും ഫയൽ ചെയ്തു.

(ഞാൻ പറഞ്ഞു കൊടുത്ത പ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ ശരിയാക്കി തുറന്ന കോടതി മുമ്പാകെ 2026 മാർച്ച് മാസം 14 തീയ്യതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.)

ന്യായാധികാരി
കൊടുവള്ളി, താമരശ്ശേരി